# ഇമാം ബുഖാരി(رحمه الله)യും സ്വഹീഹുൽ ബുഖാരിയും

**തയ്യാറാക്കിയത്:** സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

അല്ലാഹു മാനവർക്കായി കാലാകാലങ്ങളിൽ പ്രവാചകന്മാരിലൂടെ നൽകിയ മതമാണ് ഇസ്ലാം. സമ്പൂർണ്ണമായി തന്റെ രക്ഷിതാവിന് സമർപ്പിക്കുന്ന ഈ ദൈവികാദർശമാണ് ആദം നബി(عليه السلام) മുതൽ ലോകത്തിലേക്ക് കടന്നുവന്ന മുഴുവൻ പ്രാവാചകന്മാരും പ്രബോധനം ചെയ്തത്. പരലോകത്ത് അല്ലാഹു സ്വീകരിക്കുന്ന ഈ ഒരേ ഒരു മതം പ്രവാചകൻ മുഹമ്മദ് നബി(ﷺ)യിലൂടെ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. ഇനി മാനവരുടെ മാർഗദർശനത്തിനായി ഒരു പുതിയ പ്രവാചകന്റെ നിയോഗം ഉണ്ടാകില്ല. അതുകൊണ്ടുതന്നെ അന്ത്യപ്രവാചകനിലൂടെ നമുക്ക് നൽകിയ വിശുദ്ധ ക്വുർആൻ അവസാന നാൾവരെയുള്ള മുഴുവൻ മനുഷ്യർക്കും മാർഗദർശക ഗ്രന്ഥമാണ്. ക്വുർആൻ അനുസരിച്ച് എങ്ങിനെ ജീവിക്കണമെന്ന് ജനങ്ങൾക്കിടയിൽ ജീവിച്ച് മാതൃകയാകുവാൻ കൂടിയാണ് അല്ലാഹു മുഹമ്മദ് നബി(ﷺ)യെ നിയോഗിച്ചത്. ദൈവിക ബോധനത്തിനനുസരിച്ച് അത് പ്രവാചകൻ(ﷺ) തന്റെ വാക്കുകളിലൂടെയും, പ്രവർത്തനങ്ങളിലൂടെയും, അംഗീകാരങ്ങളിലൂടെയും നമുക്ക് അറിയിച്ചു തന്നു. പ്രവാചകൻ(ﷺ) പ്രസ്തുത രീതികളിലൂടെ നമുക്ക് അറിയിച്ചു തന്ന സന്ദേശങ്ങൾക്കാണ് ഹദീഥ് എന്ന് സാങ്കേതികമായി പറയാറുള്ളത്. ക്വുർആനിനെ കൃത്യമായി മനസിലാക്കുവാനും യഥാർത്ഥ മുസ്‌ലിമായി ജീവിക്കുവാനും ഹദീഥുകൾ സ്വീകരിച്ചവർക്ക് മാത്രമേ സാധിക്കുകയുള്ളൂ. വിശുദ്ധ ക്വുർആനും ഹദീഥുകളും സംരക്ഷിക്കുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. നബി(ﷺ)യുടെ ഹദീഥുകൾ പല ഗ്രന്ഥങ്ങളിലായി വ്യാപിച്ചുകിടക്കുകയാണ്. ആ ഹദീഥു ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ മുസ്‌ലിം സമൂഹം ഒന്നടങ്കം ഐക്യത്തോടെ സ്വഹീഹായി അംഗീകരിച്ചിരിക്കുന്ന ഗ്രന്ഥങ്ങളാണ് 'സ്വഹീഹുൽ ബുഖാരിയും, സ്വഹീഹുൽ മുസ്‌ലിമും'. സ്വാർത്ഥ താൽപര്യങ്ങൾ നേടിയെടുക്കുവാനും സങ്കുചിതത്വങ്ങൾ സംരക്ഷിക്കുവാനും ഇസ്‌ലാമിന്റെ ശത്രുക്കളും, ഇസ്‌ലാമിന്റെ കുപ്പായമിട്ട ബുദ്ധിജീവികളെന്ന് അഭിമാനിക്കുന്നവരും മുസ്‌ലീങ്ങൾക്കിടയിൽ ഫിത്നയുണ്ടാക്കാനായി ആദ്യമായി വിമർശനങ്ങൾ അഴിച്ചുവിടാറുള്ളത് ഈ രണ്ടു ഗ്രന്ഥങ്ങൾക്കെതിരെയാണ്. ഈ ഗ്രന്ഥങ്ങളിൽ ബുദ്ധിക്ക് നിരക്കാത്ത ഒരുപാട് ഹദീഥുകളുണ്ടെന്ന് പറഞ്ഞ് അതെല്ലാം തള്ളുന്ന പ്രവണത എക്കാലത്തും ഇസ്‌ലാമിന്റെ ശത്രുക്കളായ ഒരുപറ്റം ആളുകളിൽ കണ്ടിട്ടുള്ളതാണ്. എന്നാൽ ആ രോഗം ഇന്ന് കേരളത്തിലെ ചില സുല്ലമിമാർക്കും ഫാറൂകികൾക്കും ബാധിച്ചിരിക്കുന്നു. അതിനാൽ ആരാണ് ഇമാം ബുഖാരി എന്താണ് സ്വഹീഹുൽ ബുഖാരിയെന്ന് സാധാരണക്കാർക്ക് മനസിലാക്കാനായി ചില കാര്യങ്ങൾ സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്.

**ഇമാം ബുഖാരി(رحمه الله):**

പേര്: 'മുഹമ്മദുബ്നു ഇസ്മാഈലുബ്നു ഇബ്റാഹീമുബ്നുൽ മുഗീറതുബ്നു ബർദിസ്ബ'. അപര നാമം: അബൂഅബ്ദുല്ലാഹ്. ഹദീഥ് പണ്ഡിതന്മാരുടെ ഇമാമാണ് ഇമാം ബുഖാരി(رحمه الله). പിതാവ് ഇമാം മാലികി(رحمه الله)ന്റെ ശിഷ്യന്മാരിൽ പെട്ട ഹദീഥു പണ്ഡിതനായിരുന്ന അബുൽ ഹസൻ ഇസ്മാഈൽ(رحمه الله). ചെറുപ്പത്തിൽ ഇമാം

ബുഖാരിയുടെ കാഴ്ച ശക്തി നഷ്ടപ്പെട്ടിരുന്നെങ്കിലും അല്ലാഹു തിരിച്ചു നൽകി. അതിനായി ഉമ്മ ധാരാളമായി അല്ലാഹുവിനോടു പ്രാർത്ഥിക്കാറുണ്ടായിരുന്നു എന്ന് ഗ്രന്ഥങ്ങളിൽ കാണാം. 'ഖുറാസാനിലെ ബുഖാറ' എന്ന ദേശത്ത് ഹിജ്റാബ്ദം: 194 ശവ്വാൽ 13 നാണ് അദ്ദേഹം ജനിച്ചത്. ചെറുപ്പത്തിലെ പിതാവിന്റെ വിയോഗം കാരണം ഉമ്മയാണ് വളർത്തിയത്. പത്ത് വയസ്സായപ്പോൾ തന്നെ ഹദീഥ് പഠിക്കാനും മന:പാഠമാക്കാനും ആരംഭിച്ചുവെന്ന് ഇമാം ബുഖാരി തന്നെ വ്യക്തമാക്കിയതായി ചരിത്ര ഗ്രന്ഥം സാക്ഷ്യം നിൽക്കുന്നു. ചെറുപ്പത്തിൽ തന്നെ അദ്ദേഹം അന്നുണ്ടായിരുന്ന പല ഹദീഥു പണ്ഡിതന്മാരുടെയും ശിഷ്യത്വം സ്വീകരിക്കുകയും, ഹദീഥുകളിലെ സ്വഹീഹും ളഈഫും, റാവിമാരെപ്പറ്റിയുമെല്ലാം പഠിക്കുകയും അതിൽ നിപുണത കൈവരിക്കുകയും ചെയ്തിരുന്നു.

### പഠനത്തിനായുള്ള യാത്ര

ഇമാം ബുഖാരി(رحمه الله)യുടെ പതിനാറാമത്തെ വയസ്സിൽ ഹിജ്റ: 210ൽ ബുഖാറയിൽ നിന്ന് ഹിജാസിലേക്ക് പോയി. വിജ്ഞാനം തേടിയുള്ള ഇമാം ബുഖാരി(رحمه الله)യുടെ പ്രഥമ യാത്രയായിരുന്നു അത്. മാതാവിനോടും, സഹോദരനോടൊപ്പവും ഹജ്ജിനായി മക്കയിൽ പ്രവേശിച്ചു. അതിനു ശേഷം ഇമാം ബുഖാരി(رحمه الله) അവിടെ തന്നെ താമസിച്ചു. പിന്നീട് ഹിജ്റ: 212ൽ മദീനയിലേക്ക് യാത്ര തിരിച്ചു. ഈ യാത്രയിൽ വെച്ചാണ് ഇമാം ബുഖാരി(رحمه الله) തന്റെ 'താരീഖുൽ കബീർ' എന്ന ഗ്രന്ഥം രചിച്ചത്. അന്നദ്ദേഹത്തിനു പതിനെട്ട് വയസ്സായിരുന്നു. അതിനു ശേഷം 'ബസ്വറ'യിലേക്കും, അവിടെ നിന്ന് 'കൂഫ'യിലേക്കും, 'ബാഗ്ദാദി'ലേക്കും യാത്ര പോയി. 'ബസ്വറ'യിലേക്ക് നാല് പ്രാവശ്യമാണ് അദ്ദേഹം യാത്ര പോയത്. ഇമാം ബുഖാരി(رحمه الله) പറയുന്നു: വിജ്ഞാനം തേടി ഹദീഥ് പണ്ഡിതന്മാരോടൊപ്പം 'കൂഫ'യിലേക്കും, 'ബാഗ്ദാദി'ലേക്കും എത്ര പ്രാവശ്യമാണ് യാത്ര പോയതെന്ന് എനിക്കറിയില്ല, അത്ര കൂടുതൽ തവണ യാത്ര പോയിട്ടുണ്ട്. 'ശാം', 'മിസ്ർ', 'ജസീറത്തുൽ അറബ്', 'ഖുറാസാൻ, മർവ്വ്, ബലഖ്, ഹറാത്, നൈസാപൂർ, റയ്യ്' തുടങ്ങിയ വ്യത്യസ്ഥ നാടുകളിലേക്ക് ഹദീഥ് വിജ്ഞാനം തേടി ഇമാം ബുഖാരി യാത്ര പോയി. ഇമാം ബുഖാരി(رحمه الله)ക്ക് അല്ലാഹു നൽകിയ കൂർമ്മ ബുദ്ധിയും, മന:പാഠമാക്കുവാനുള്ള കഴിവും അനിർവ്വചനീയമാണ്. അതിനു ഒരുപാടു ഉദാഹരണങ്ങൾ ചരിത്ര ഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്. ഹദീഥ് വിജ്ഞാനത്തിനും അതിന്റെ വ്യാപനത്തിനുമായി ഇമാം അവർകൾ ഒരുപാട് പ്രയാസങ്ങളും, ബുദ്ധിമുട്ടുകളും ഭരണാധികാരികളിൽ നിന്നും വ്യത്യസ്ഥ വിഭാഗങ്ങളിൽ നിന്നും അഭിമുഖീകരിച്ചിട്ടുണ്ട്.

### ഗ്രന്ഥങ്ങൾ

സ്വഹീഹുൽ ബുഖാരി, താരിഖുൽ കബീർ, താരീഖുൽ ഔസത്, താരീഖുസ്സ്വഗീർ, അൽജാമിഉൽ കബീർ, ഖൽഖു അഫ്ആലുൽ ഹിബാദ്, അദബുൽ മുഫ്റദ്... തുടങ്ങി ഏകദേശം ഇരുപത്തഞ്ചോളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അതിൽ മിക്കവയും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

### പണ്ഡിതന്മാരുടെ വാക്കുകളിലൂടെ...

'സ്വഹീഹുൽ ബുഖാരി'യെന്ന ഒരു ഗ്രന്ഥം മുസ്‌ലിം സമൂഹത്തിന് സമർപ്പിക്കാനുള്ള അല്ലാഹുവിന്റെ തൗഫീഖ് ലഭ്യമായതിലൂടെ ഇമാം ബുഖാരി(رحمه الله)ക്കും, സ്വഹീഹുൽ ബുഖാരിക്കും മുസ്‌ലിം സമുദായത്തിലുള്ള പ്രത്യേകതയും, സ്ഥാനവും പണ്ഡിതന്മാരുടെ വാക്കുകളിലൂടെ കാണാം. അതിൽ ചിലത് കാണുക:

അബൂനഈം അഹ്മദ് ബ്നു ഹമ്മാദ് (رحمه الله) പറയുന്നു: ‘അദ്ദേഹം (ഇമാം ബുഖാരി) ഈ ഉമ്മത്തിന്റെ ഫഖീഹ് ആകുന്നു’.

ഖുതൈബ ബ്നു സഈദ് (رحمه الله) പറയുന്നു: ‘ഭൂമിയുടെ കിഴക്ക് നിന്നും, പടിഞ്ഞാറ് നിന്നും ഒരുപാട് വ്യക്തിത്വങ്ങൾ എന്റെയടുത്ത് വന്നിട്ടുണ്ട്; മുഹമ്മദ്ബ്നു ഇസ്മാഈലുൽ ബുഖാരിയെ പോലെ ആരും എന്റെയടുത്ത് വന്നിട്ടില്ല’.

അബൂമുഹമ്മദ് അബ്ദുല്ലാഹ് ബ്നു അബ്ദുർറഹ്മാൻ അദ്ദാരിമി (رحمه الله) പറയുന്നു: ‘മുഹമ്മദ്ബ്നു ഇസ്മാഈലുൽ ബുഖാരി ഞങ്ങളേക്കാൾ അറിവുള്ളയാളും, ഫിഖ്ഹിൽ പാണ്ഡിത്യമുള്ളയാളും, വിജ്ഞാനമന്വേഷിക്കുന്നയാളുമാണ്’.

ഇസ്ഹാഖ്ബ്നു റാഹവൈഹ (رحمه الله) പറയുന്നു: ‘അദ്ദേഹം (ഇമാം ബുഖാരി) എന്നേക്കൾ ഉൾക്കാഴ്ചയും, അറിവുമുള്ള വ്യക്തിയാകുന്നു’.

അബൂ ഹാതിം അർറാസി (رحمه الله) പറയുന്നു: ‘ഇറാഖിൽ പ്രവേശിച്ചവരിൽ ഏറ്റവും അറിവുള്ളയാൾ മുഹമ്മദ്ബ്നു ഇസ്മാഈൽ ആകുന്നു’.

അഹ്മദ്ബ്ന ഹമ്പൽ (رحمه الله) പറയുന്നു: ‘ഖുറാസാൻ മുഹമ്മദ്ബ്നു ഇസ്മാഈലിനെ പോലെ മറ്റൊരാളെ പുറത്ത്കൊണ്ടു വന്നിട്ടില്ല’.

അലിയ്യുബ്നുൽ മദീനിയുടെ മുന്നിലല്ലാതെ മറ്റൊരാളുടെ മുന്നിലും ഞാൻ ചെറുതായിപോയിട്ടില്ലയെന്ന് ഇമാം ബുഖാരി(رحمه الله) പറഞ്ഞത് അലിയ്യുബ്നുൽ മദീനി(رحمه الله)യോട് പറയപ്പെട്ടപ്പോൾ അലിയ്യുബ്നുൽ മദീനി(رحمه الله) പറയുകയുണ്ടായി: ‘അദ്ദേഹത്തിന്റെ (ബുഖാരിയുടെ) വാക്ക് നീ ഉപേക്ഷിക്കുക; അദ്ദേഹത്തെപ്പോലെയുള്ള ഒരാളെ ഞാൻ കണ്ടിട്ടില്ല’.

റജാഅ്ബ്നു റജാഅ്(رحمه الله) പറയുന്നു: ‘അദ്ദേഹം (ബുഖാരി) ഭൂമിയിലൂടെ നടക്കുന്ന അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ ഒരു ദൃഷ്ടാന്തമാകുന്നു’.

അബൂ അബ്ദുല്ലാഹ് അൽ ഹാഖിം(رحمه الله) തന്റെ ഗ്രന്ഥമായ താരിഖു നൈസാപൂരിൽ പറയുന്നു: ‘അദ്ദേഹം (ബുഖാരി) അഹ്ലുൽ ഹദീഥുകാരുടെ ഇമാമാണെന്നതിൽ പ്രമാണങ്ങൾ സ്വീകരിക്കുന്നവർക്കിടയിൽ അഭിപ്രായ വ്യത്യാസമില്ല’.

ഇമാമുമാരുടെ ഇമാമായ ഇബ്നു ഖുസൈമ(رحمه الله) പറയുന്നു: ‘ആകാശത്തിനു ചുവട്ടിൽ മുഹമ്മദ്ബ്നു ഇസ്മാഈലുൽ ബുഖാരിയേക്കാൾ റസൂലുല്ലാഹി(ﷺ)യുടെ ഹദീഥുകളെ സംബന്ധിച്ച് അറിവുള്ള, മന:പാഠമുള്ള മറ്റൊരാളെ ഞാൻ കണ്ടിട്ടില്ല’.

ഹാഫിളുദ്ദഹബി(رحمه الله) തന്റെ തദ്കിറതുൽ ഹുഫ്ഫാളിൽ പറയുന്നു: ‘ഇമാം ബുഖാരി ബുദ്ധി കൂർമ്മതയിലും, വിജ്ഞാനത്തിലും, വിരക്തിയിലും, ആരാധനയിലും നേതാവായിരുന്നു’.

ഹാഫിളു ഇബ്നു ഹജറുൽ അസ്ഖലാനി(رحمه الله) തന്റെ തഖ്‌രീബുത്തഅ്ദീബിൽ പറയുന്നു: ‘അബൂഅബ്ദുല്ലാഹ് അൽബുഖാരി മന:പാഠത്തിൽ പർവ്വതവും, ദുൻയാവിന്റെ ഇമാമും, ഹദീഥിൽ സ്വീകാര്യനുമാകുന്നു’.

(ഈ ഉദ്ധരണികളെല്ലാം എടുത്തിരിക്കുന്നത് മദീനയിലെ ശൈഖ് അബ്ദുൽ മുഹ്സിൻ അബ്ബാദിന്റെ ‘ഇമാമുൽ ബുഖാരി വ കിതാബുഉ അൽ ജാമിഉ സ്സ്വഹീഹ്’ എന്ന ഗ്രന്ഥത്തിൽ നിന്നും, ഹാഫിളുൽ മിസ്സിയുടെ തഹ്ദീബുൽ കമാലിൽ നിന്നുമാണ്).

**മരണം**

അവസാന നാൾ വരെയുള്ള മുസ്‌ലിം സമുഹത്തിന് വഴികാട്ടിയായ സ്വഹീഹുൽ ബുഖാരിയെന്ന അമൂല്യ ഗ്രന്ഥം അല്ലാഹുവിന്റെ മാർഗത്തിൽ സമർപ്പിച്ച മഹാനായ മുഹമ്മദുബ്നു ഇസ്മാഈലുൽ ബുഖാരി(رحمه الله) ഹിജ്റ: 256ൽ തന്റെ അറുപത്തി രണ്ടാമത്തെ വയസ്സിൽ ഈദുൽ ഫിത്‌റിന്റെ രാത്രിയിൽ മരണപ്പെടുകയുണ്ടായി.

**സ്വഹീഹുൽ ബുഖാരി**

മുസ്‌ലീങ്ങൾക്കിടയിൽ ‘സ്വഹീഹുൽ ബുഖാരി’യെന്ന പേരിൽ പ്രസിദ്ധമായ ഇമാം ബുഖാരി(رحمه الله)യുടെ ഹദീഥ് സമാഹാരത്തിന്റെ പൂർണ നാമം; ‘അൽ ജാമിഅ് അൽ മുസ്നദ് അസ്സ്വഹീഹുൽ മുഖ്തസ്വർ മിൻ ഉമൂരി റസൂലുല്ലാഹി സ്വല്ലല്ലാഹ അലൈഹി വസ്സല്ലം വ സുനനിഇ, വ അയ്യാമിഇ’ എന്നാണ്. ഈ ഗ്രന്ഥത്തിൽ ആവർത്തനമടക്കം ഏഴായിരത്തി ഇരുന്നൂറ്റി എഴുപത്തഞ്ച് ഹദീഥുകളാണുള്ളത്. ആവർത്തനം കൂടാതെ നാലായിരം ഹദീഥുകളാണുള്ളത്. സനദില്ലാതെ വിഷയ ക്രമത്തിനും, കൂടുതൽ തെളിവിനുമായി ‘മുഅല്ലഖാ’യി കൊടുത്തിട്ടുള്ള ഹദീഥുകൾ ആയിരത്തി മുന്നൂറ്റി നാൽപത്തിയൊന്നാണ്.

ഇമാം ബുഖാരി(رحمه الله) ഈ ഗ്രന്ഥം രചിക്കുവാനുള്ള കാരണമായി പറയുന്നത്; ഒരിക്കൽ തന്റെ ശൈഖായ ‘ഇസ്ഹാഖ്ബ്നു റാഹവൈഇ’യുടെ സദസ്സിലിരിക്കുമ്പോൾ അദ്ദേഹം പറയുകയുണ്ടായി: ‘നബി(ﷺ)യുടെ ഹദീഥുകളിൽ സ്വഹീഹായത് മാത്രം തെരഞ്ഞെടുത്ത് ആരെങ്കിലും ക്രോഡീകരിച്ചിരുന്നെങ്കിൽ എന്ന് ചിലയാളുകൾ നമ്മോട് പറഞ്ഞിരിക്കുന്നു’. ഇത് കേട്ടപ്പോൾ അങ്ങനെ ഒരു ഗ്രന്ഥം എഴുതുവാൻ ആരംഭിക്കുകയുണ്ടായി. അങ്ങിനെ താൻ മന:പാഠമാക്കിയ 600000 ഹദീഥുകളിൽ നിന്നാണ് സ്വഹീഹുൽ ബുഖാരി തയ്യാറാക്കിയത്.

**ശുറൂത്വുകൾ (നിബന്ധനകൾ)**

ഇമാം ബുഖാരി(رحمه الله) തന്റെ സ്വഹീഹിൽ ഒരു ഹദീഥ് രേഖപ്പെടുത്തുവാനായി ഹദീഥ് നിദാന ശാസ്ത്ര പ്രകാരമുള്ള നിബന്ധനകൾ സ്വീകരിച്ചിട്ടുണ്ട്. ആ നിബന്ധനകൾ ഇമാം ബുഖാരി തന്റെ ഗ്രന്ഥത്തിന് നൽകിയ പൂർണ നാമത്തിൽ നിന്ന് തന്നെ വ്യക്തമാണെന്ന് പണ്ഡിതന്മാർ അവരുടെ ഗ്രന്ഥത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അത് ഹദീഥിന്റെ സനദിലെ ‘റാവി’(റിപ്പോർട്ടർ)മാർ ഒരേ കാലത്ത് ജീവിക്കുകയും, പരസ്പരം കണ്ടുമുട്ടുകയും, കേൾക്കുകയും ചെയ്യണം. അതോടൊപ്പം റാവിമാർ സത്യസന്ധരും, നീതിമാന്മാരും, ഹദീഥിൽ നിപുണരും, അറിവുള്ളവരും, അല്ലാഹുവിനെ ഭയപ്പെടുന്നവരും, ഹദീഥുകൾ മന:പാഠമാക്കിയവരോ എഴുതിവെച്ചവരോ ആയിരിക്കുകയും വേണം. ഒരു ഹദീഥിന് ഈ നിബന്ധനകളെല്ലാം പൂർത്തിയായിയെന്ന് മനസിലായാൽ തന്റെ സ്വഹീഹിൽ രേഖപ്പെടു

ത്തുന്നതിനു മുമ്പ് ഇമാം ബുഖാരി(رحمه الله) കുളിക്കുകയും, വുദു ചെയ്യുകയും ശേഷം രണ്ട് റകഅത്ത് ഇസ്തിഖാറയുടെ നമസ്കാരം നിർവ്വഹിക്കുകയും ചെയ്തിരുന്നു. ഈ ഗ്രന്ഥത്തിന് തുടക്കം കുറിച്ചത് മക്കയിലേയും മദീനയിലേയും ഹറമുകളിൽ വെച്ചാണ്. അങ്ങിനെ സ്വഹീഹിൽ രേഖപ്പെടുത്തിയതിനു ശേഷം വീണ്ടും വീണ്ടും പരിശോധിച്ചിരുന്നു. അങ്ങിനെ മൂന്ന് പ്രാവശ്യം സ്വഹീഹുൽ ബുഖാരി രചിച്ചിട്ടുണ്ട്, അതിൽ അവസാനത്തേതാണ് ഇന്ന് നാം കാണുന്ന രൂപം. തന്റെ ജീവിത കാലത്ത് തന്നെ അത് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തന്റെ ഗ്രന്ഥം തന്റെ ശൈഖുമാരെയും ഉസ്താദുമാരെയും കാണിക്കുകയും അവരെക്കൊണ്ട് പരിശോധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവരിൽ 'അഹ്മദ് ബ്നു ഹമ്പൽ(رحمه الله), അലിയ്യുബ്നുൽ മദീനി(رحمه الله), യഹ്യബ്നു മഈൻ(رحمه الله)' തുടങ്ങിയ മുഹദ്ദിസുകളും ഉണ്ട്. അവർ സ്വഹീഹുൽ ബുഖാരിയിലുള്ളത് മുഴുവനും സ്വഹീഹാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ്വഹീഹായ മുഴുവൻ ഹദീഥുകളും ഇമാം ബുഖാരി തന്റെ സ്വഹീഹിൽ രേഖപ്പെടുത്തിയിട്ടില്ല, മറിച്ച് സ്വഹീഹായത് മാത്രമെ തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ളൂ.

**മുസ്‌ലിം ഉമ്മത്തിന്റെ ഇജ്മാഅ്**

സ്വഹീഹുൽ ബുഖാരിയിലും മുസ്‌ലിമിലുമുള്ള ഹദീഥുകൾ മുഴുവനും സ്വഹീഹാണെന്നതിനു മുസ്‌ലിം ഉമ്മത്തിന്റെ ഇജ്മാഉള്ളതായി നമുക്ക് പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളിൽ കാണാൻ സാധിക്കും. ഉദാഹരണത്തിനു ചിലതു മാത്രം നൽകട്ടെ:

**وقال الحافظ ابن كثير في البداية والنهاية: "وأجمع العلماء على قبوله – يعني صحيح البخاري – وصحة ما فيه وكذلك سائر أهل الإسلام...".**

ഇബ്നു കഥീർ തന്റെ 'അൽബിദായ വന്നിഹായ'യിൽ പറയുന്നു: 'അതിലുള്ളതിൽ (സ്വഹീഹുൽ ബുഖാരിയിലുള്ളത്) സ്വഹീഹാണെന്നതിലും, അവ സ്വീകരിക്കണമെന്നതിലും പണ്ഡിതന്മാർ യോജിച്ചിരിക്കുന്നു, അതുപോലെ ഇസ്‌ലാമിലെ മുഴുവനാളുകളും...'

**وقال ابن السبكي في طبقات الشافعية الكبرى: "وأما كتابه الجامع الصحيح فأجل كتب الإسلام بعد كتاب الله...".**

ഇബ്നു സുബ്കി തന്റെ 'ത്വബകാതുശ്ശാഫിഈയതുൽ കുബ്റ'യിൽ പറയുന്നു: 'അദ്ദേഹത്തിന്റെ (ഇമാം ബുഖാരിയുടെ) ഗ്രന്ഥം 'അൽ ജാമിഉസ്സ്വഹീഹ്' അല്ലാഹുവിന്റെ ഗ്രന്ഥം കഴിഞ്ഞാൽ ഇസ്‌ലാമിന്റെ ഏറ്റവും മഹത്തായ ഗ്രന്ഥമാകുന്നു'.

**وقال أبو عمرو ابن الصلاح في علوم الحديث بعد ذكره أن أول من صنف في الصحيح البخاري ثم مسلم: "وكتاباهما أصح الكتب بعد كتاب الله العزيز" ثم قال: "ثم إن كتاب البخاري أصح الكتابين وأكثرهما فوائد".**

അബൂ അംറുബ്നു സ്വലാഹ് തന്റെ ഉലൂമുൽ ഹദീഥിൽ സ്വഹീഹുൽ ബുഖാരിയേയും, സ്വഹീഹ് മുസ്‌ലിമിനെയും സംബന്ധിച്ച് വിശദീകരിക്കുമ്പോൾ പറയുകയുണ്ടായി: 'അവർ രണ്ടാളുടെയും (ഇമാം ബുഖാരി, ഇമാം മുസ്‌ലിം) ഗ്രന്ഥങ്ങൾ (സ്വഹീഹ്ബുഖാരി, സ്വഹീഹ് മുസ്‌ലിം) പ്രതാപവാനായ അല്ലാഹുവിന്റെ ഗ്രന്ഥം കഴിഞ്ഞാൽ ഏറ്റവും ശരിയായ ഗ്രന്ഥങ്ങളാകുന്നു). അതിനു ശേഷം പറയുകയുണ്ടായി: ആ രണ്ട് ഗ്രന്ഥങ്ങളിൽ ഏറ്റവും കൂടുതൽ ഉപകരവും, ശരിയായതും ഇമാം ബുഖാരിയുടെ ഗ്രന്ഥമാകുന്നു.

**وقال النووي في مقدمة شرحه لمسلم: "اتفق العلماء رحمهم الله على أن أصح الكتب بعد الكتاب العزيز الصحيحان البخاري ومسلم وتلقتهما الأمة بالقبول وكتاب البخاري أصحهما وأكثرهما فوائد ..."انتهى . "تهذيب الأسماء واللغات" (73/1).**

ഇമാം അന്നവവി(رحمه الله) സ്വഹീഹ് മുസ്‌ലിമിന്റെ വിശദീകരണത്തിന്റെ മുഖവുരയിൽ പറയുന്നു: പ്രതാപവാനായ അല്ലാഹുവിന്റെ ഗ്രന്ഥം കഴിഞ്ഞാൽ ഏറ്റവും ശരിയായ ഗ്രന്ഥങ്ങൾ രണ്ട് സ്വഹീഹുകളായ സ്വഹീഹ് ബുഖാരിയും, സ്വഹീഹ് മുസ്‌ലിമുമാകുന്നു എന്നതിൽ പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു. മുസലിം സമുദായം അത് സ്വീകരിക്കുകയും ചെയ്തിരിക്കുന്നു, ആ രണ്ട് ഗ്രന്ഥങ്ങളിൽ ഏറ്റവും കൂടുതൽ ഉപകാരവും, ശരിയായതും ഇമാം ബുഖാരിയുടെ ഗ്രന്ഥമാകുന്നു).

**ويقول شيخ الإسلام ابن تيمية :. " ليس تحت أديم السماء كتاب أصح من البخاري ومسلم بعد القرآن " انتهى .**

**"مجموع الفتاوى" (74/18).**

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ:(رحمه الله) തന്റെ മജ്മൂഉൽ ഫതാവയിൽ പറയുന്നു: 'ഖുർആനിനു ശേഷം ആകാശത്തിനു ചുവട്ടിൽ ബുഖാരി, മുസ്‌ലിമിനേക്കാൾ ശ്രേഷ്ടമായ മറ്റൊരു ഗ്രന്ഥമില്ല'. (മജ്മൂഉൽ ഫതാവാ: 18/74)

(ഈ ഉദ്ധരണികളെല്ലാം എടുത്തിരിക്കുന്നത് മദീനയിലെ ശൈഖ് അബ്ദുൽ മുഹ്സിൻ അബ്ബാദിന്റെ 'ഇമാമുൽ ബുഖാരി വ കിതാബുഉ അൽ ജാമിഉ സ്സ്വഹീഹ്' എന്ന ഗ്രന്ഥത്തിൽ നിന്നാണ്).

### ശുറൂഹുകൾ

അഭിപ്രായ വ്യത്യാസമില്ലാതെ മുസ്‌ലിം സമുദായം ഒന്നടങ്കം സ്വീകരിച്ച സ്വഹീഹുഹുൽ ബുഖാരിക്ക് അഹ്‌ലുസ്സുന്നത്തിന്റെ മുൻഗാമികളും പിൻഗാമികളുമായ (ഹിജ്റ: മുന്നൂറ് മുതൽ ഹിജ്റ: 1400 വരെയുള്ള വ്യത്യസ്ഥ കാലങ്ങളിലെ പണ്ഡിതർ) ഏകദേശം നാൽപതോളം പണ്ഡിതന്മാർ വിശദീകരണം എഴുതിയിട്ടുണ്ട്. ഇവരെല്ലാം തന്നെ മുസ്‌ലിം ലോകത്ത് സ്വഹീഹുൽ ബുഖാരിക്കുള്ള സ്ഥാനവും, പ്രത്യേകതയും മനസ്സിലാക്കി കൊണ്ടു തന്നെയാണ് ശുറൂഹുകൾ രചിച്ചിട്ടുള്ളത്.

സ്വഹീഹുൽ ബുഖാരിയിലെ ചില ഹദീഥുകളെ സംബന്ധിച്ച് ഇമാം ദാറുഖുത്നി മുസ്‌ലിം സമൂഹത്തിലെ അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ മറ്റു പണ്ഡിതന്മാർക്കില്ലാത്ത അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. അതിന് വസ്തു നിഷ്ടമായി ഇമാം ഇബ്നു ഹജറുൽ അസ്ഖലാനി(رحمه الله) മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. അത് ഫത്ഹുൽ ബാരിയിൽ കാണാവുന്നതാണ്.

### അവസാനം

ആരാണ് ഇമാം ബുഖാരി(رحمه الله), എന്താണ് സ്വഹീഹുൽ ബുഖാരി, ഇസ്‌ലാമിലും മുസ്‌ലിം ഉമ്മത്തിലും സ്വഹീഹുൽ ബുഖാരിക്കുള്ള സ്ഥാനമെന്താണ് എന്നിങ്ങനെയുള്ള വിഷയങ്ങൾ വസ്തുനിഷ്ടമായി നാം മനസിലാക്കി. അതുകൊണ്ടു തന്നെ സ്വഹീഹുൽ ബുഖാരിയിലെ ഹദീഥുകൾ ബുദ്ധിക്ക് യോജിക്കുന്നില്ലായെന്ന് പറഞ്ഞ് റസൂലുല്ലാഹ്(ﷺ)യുടെ ഹദീഥുകളെ തള്ളുകയും, ആളുകൾക്കിടയിൽ അതിനെ പരിഹസിക്കുകയും, കൊച്ചാക്കുകയും, വിഷം കുടിച്ച് പരീക്ഷിക്കാൻ വെല്ലുവിളിക്കുകയും ചെയ്യുന്നവരും, സംഘടനയേയും നേതാക്കളേയും തൃപ്തിപ്പെടുത്താനായി സ്വഹീഹായ ഹദീഥുകളെ തള്ളിക്കളയുകയും ചെയ്യുന്നവർക്ക് എല്ലാ വിധ സഹായങ്ങൾ ചെയ്തു കൊടുക്കുന്നവർ ഖുർആനിലെ താഴെയുള്ള ആയത്തുകൾ ഓർക്കുന്നത് നന്നായിരിക്കും.

﴿وَلَئِن سَأَلْتَهُمْ لَيَقُولُنَّ إِنَّمَا كُنَّا نَخُوضُ وَنَلْعَبُ قُلْ أَبِاللّهِ وَآيَاتِهِ وَرَسُولِهِ كُنتُمْ تَسْتَهْزِؤُونَ * لاَ تَعْتَذِرُواْ قَدْ كَفَرْتُم بَعْدَ إِيمَانِكُمْ إِن نَّعْفُ عَن طَآئِفَةٍ مِّنكُمْ نُعَذِّبْ طَآئِفَةً بِأَنَّهُمْ كَانُواْ مُجْرِمِينَ﴾ {التوبة:65–66}

‘‘നീ അവരോട് ( അതിനെപ്പറ്റി ) ചോദിച്ചാൽ അവർ പറയും: ഞങ്ങൾ തമാശ പറഞ്ഞു കളിക്കുക മാത്രമായിരുന്നു. പറയുക: അല്ലാഹുവെയും അവന്റെ ദൃഷ്ടാന്തങ്ങളെയും അവന്റെ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചു കൊണ്ടിരിക്കുന്നത്? നിങ്ങൾ ഒഴികഴിവുകളൊന്നും പറയേണ്ട. വിശ്വസിച്ചതിന് ശേഷം നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു. നിങ്ങളിൽ ഒരു വിഭാഗത്തിന് നാം മാപ്പുനൽകുകയാണെങ്കിൽ തന്നെ മറ്റൊരു വിഭാഗത്തിന് അവർ കുറ്റവാളികളായിരുന്നതിനാൽ നാം ശിക്ഷ നൽകുന്നതാണ്) (9 തൗബ/65,66)

ഈ ആയത്തിന്റെ അവതരണ പശ്ചാതലമായി ഇമാം ഇബ്നുകഥീർ തന്റെ തഫ്സീറിൽ വിശദമാക്കുന്നതു കൂടി മനസ്സിലാക്കിയാൽ കാര്യം വളരെ വ്യക്തമായി. മുനാഫിഖുകളിൽ പെട്ട ഒരു വ്യക്തി ക്വുർആൻ മന:പാഠമാക്കിയവരെയും, അത് പാരായണം ചെയ്യുന്ന വരെയും സംബന്ധിച്ചു ഞങ്ങളിൽ വയറിനെ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നവരും, കൂടുതൽ കളവ് പറയുന്നവരും, ശത്രുക്കളെ കാണുമ്പോൾ കൂടുതൽ ഭീരുക്കളാവുന്നവരും അവരാകുന്നു എന്ന് പറയുകയുണ്ടായി. ഇത് സ്വഹാബികളിൽ ഒരാൾ പ്രവാചകൻ(ﷺ)യോട് പറഞ്ഞ വേളയിലാണ് മുകളിൽ കൊടുത്ത ആയത്തിറങ്ങുന്നത്. ക്വുർആൻ പാരായണം ചെയ്യുകയും അത് മന:പാഠമാക്കുകയും ചെയ്യുന്നവരെ ഒന്ന് കളിയാക്കിയ വിഷയത്തിൽ ‘നിങ്ങളുടെ വിശ്വാസത്തിന് ശേഷം നിങ്ങൾ അവിശ്വാസികളായിരിക്കുന്നു’ എന്ന ആയത്തിറങ്ങിയെങ്കിൽ റസൂലുല്ലാഹി(ﷺ)യുടെ ഹദീഥുകളെ പരിഹസിക്കുകയും കളിയാക്കുകയും നിഷേധിക്കുകയും, അങ്ങനെയുള്ളവർക്ക് അഭയം നൽകുകയും സഹായങ്ങൾ നൽകുകയും ചെയ്യുന്നവരുടെ കാര്യമോ? അതിനാൽ പ്രവാചകന്റെ ഹദീഥുകളെയും, അതിനെ സംരക്ഷിക്കാൻ ഇറങ്ങി പുറപ്പെട്ട തലയെടുപ്പുള്ള പണ്ഡിതരെയും പുഛിക്കുന്ന, അതുപോലെതന്നെ നെല്ലും പതിരും എന്ന തലക്കെട്ടിലൂടെ ഇസ്‌ലാമിക പ്രമാണങ്ങളെ ചവിട്ടി മതിക്കുന്ന വ്യാജ മുഹദ്ദിഥുകളെയുമെല്ലാം നമ്മൾ കരുതിയിരിക്കേണ്ടത് അനിവാര്യമായിരിക്കുന്നു. അല്ലാഹു ഇത്തരം കുഴപ്പക്കാരുടെ ശർറിൽ നിന്നും മുസ്‌ലിം സമൂഹത്തെ രക്ഷിക്കുമാറാകട്ടെ.